ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം പഞ്ചായത്ത് വകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷം ഡ്യൂട്ടിയാണ്.

(ബി) ഇത് തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷം ആക്കി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ സ്വീകരിച്ചു വരികയാണ്.

കപ്പത്തോട്ടിലെ കളവാഴകൾ നീക്കം ചെയ്യുന്നതിന് നടപടി

365 (1809) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോട് വർഷകാലങ്ങളിൽ കരകവിഞ്ഞൊഴുകി വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത് തടയുന്നതിനും, ഈ പഞ്ചായത്തുകളിലെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി കപ്പത്തോട്ടിലെ കളവാഴകൾ നീക്കം ചെയ്ത് ആഴംകൂട്ടി കെട്ടിസംരക്ഷിക്കുന്നതിനുമായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസ്തുത പഞ്ചായത്തുകളൊന്നും പദ്ധതി വച്ചിട്ടില്ല. ഉദ്ദേശം 5 കിലോ മീറ്റർ ദൈർഘ്യമുള്ള കപ്പത്തോട് വെട്ടി ആഴം കൂട്ടി കല്ല് കെട്ടി സംരക്ഷിക്കുന്നതിന് ഭാരിച്ച ഒരു സംഖ്യ ചെലവു വരുന്നതാണ്. ടി പ്രവൃത്തി ഏറ്റെടുക്കാനുള്ള സാമ്പത്തികശേഷി ഗ്രാമപഞ്ചായത്തുകൾക്കില്ല എന്നാൽ ടി തോട്ടത്തിലെ കളവാഴകൾ നീക്കം ചെയ്യുന്നത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതം

366 (1810) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ ബഡ്ജറ്റിൽ ത്രിതല പഞ്ചായത്തുകൾക്ക് നീക്കിവച്ചിരുന്ന തുക എത്രയാണെന്നും അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly